# പേപ്പൽ ഡെലിഗേറ്റും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും: പദവിയും അധികാരങ്ങളും




ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

**ആമുഖം**

സ്ലോവാക്കിയായിലെ കോസിഷെ (KOSICE) രൂപതയുടെ അധ്യക്ഷനും, വത്തിക്കാനിലെ പൗരസ്ത്യ കാര്യാലയത്തിന്റെ മുൻ സെക്രട്ടറിയുമായിരുന്ന, അഭിവന്ദ്യ ആർച്ച് ബിഷപ്പ് സിറിൽ വാസിൽ പിതാവിനെ എറണാകുളം-അങ്കമാലി അതിരൂപതയിലെ വിശുദ്ധ കുർബാനയുടെ നിയമപരമായ അർപ്പണസംബന്ധിയായി ഉടലെടുത്ത പ്രശ്നങ്ങൾ പരിഹരിക്കുവാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ച പശ്ചാത്തലത്തിൽ പലരും ഉന്നയിച്ച ചില ചോദ്യങ്ങളാണ് ഈ ലേഖനത്തിന്റെ പശ്ചാത്തലം. എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂരിപക്ഷം വൈദികരും സീറോ-മലബാർ സിനഡ് നിയമവിരുദ്ധമെന്ന് പ്രഖ്യാപിച്ച, ജനാഭിമുഖബലിയർപ്പണം തുടരുകയും, അതേ അതിരൂപതയുടെ ഭരണം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ പദവിയിൽ തുടർന്നുവന്നിരുന്ന അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തക്ക് തത്കാര്യത്തിൽ കാര്യമായൊന്നും ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്ത പശ്ചാത്തലത്തിൽ, 2023 ജൂൺ മാസത്തിൽ കൂടിയ സീറോ-മലബാർ സിനഡിന്റെ പ്രത്യേക സമ്മേളനം പരിശുദ്ധ മാർപാപ്പയോട് പ്രത്യേകം അപേക്ഷിച്ചതിൻപ്രകാരമായിരുന്നു സിറിൽ വാസിൽ പിതാവിനെ മാർപാപ്പ തന്റെ പ്രത്യേക പ്രതിനിധിയായി നിയമിച്ചതെന്നത് വ്യക്തം. ഈ നിയമനവാർത്ത അറിഞ്ഞപ്പോൾ പലരും തെറ്റിദ്ധരിച്ചത് താഴത്ത് പിതാവിന്റെ എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭരണാധികാരം പുതിയ നിയമനത്തിലൂടെ അവസാനിക്കുന്നു എന്നാണ്. എന്നാൽ താമസംവിന എല്ലാവർക്കും മനസ്സിലായി രണ്ട് പേരുടെയും അധികാരാവകാശങ്ങൾ തുടരുമെന്നും സീറോ-മലബാർ സിനഡിനും മേജർ ആർച്ച് ബിഷപ്പിനും ആ അതിരൂപതയിലുള്ള അധികാരങ്ങൾക്ക് മാത്രമാണ് കടിഞ്ഞാൺ വീണിരിക്കുന്നതെന്നും. ഇത്തരുണത്തിൽ പ്രസക്തമായ ചില ചോദ്യങ്ങളാണ് സീറോ-മലബാർ സഭയുടെ സ്വയാധികാരസ്വഭാവം എങ്ങനെയുള്ളത് എന്നതും അതുപോലെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെയും പേപ്പൽ ഡെലിഗേറ്റിന്റെയും അധികാരാവകാശങ്ങൾ എങ്ങനെയുള്ളത് എന്നതും.

**1. സീറോ-മലബാർസഭ ഒരു സ്വയാധികാരസഭയോ സ്വതന്ത്രസഭയോ?**

കത്തോലിക്കാ തിരുസ്സഭ പല വ്യക്തിസഭകളുടെ ഒരു കൂട്ടായ്മയാണ്. അങ്ങനെയുള്ള തുല്യതയുള്ള വ്യക്തിസഭ (individual Church) കളാണ് ലത്തീൻ സഭയും സീറോ-മലബാർ സഭയും സീറോ-മലങ്കര സഭയുമെല്ലാം. ഈ വ്യക്തിസഭകളൊന്നും പൂർണ്ണാർത്ഥത്തിൽ സ്വതന്ത്രസഭകൾ (autonomous) അല്ല; പ്രത്യുത, സ്വയാധികാരസഭകൾ (Sui iuris Churches) മാത്രമാണ്. ഓർത്തഡോക്സ് സഭകളെല്ലാം തന്നെ, തങ്ങളുടെ സഭകളെ സ്വതന്ത്രസഭകളായി പരിഗണിക്കുമ്പോൾ (autonomous Churches or autocephalous Churches), കത്തോലിക്കാസഭയിൽ എല്ലാ വ്യക്തിസഭകളുടെയും പരമോന്നതാധികാരം മാർപാപ്പയിലും അതുപോലെ മെത്രാൻ സംഘത്തിലുമാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭയെപ്പറ്റിയുള്ള പ്രമാണരേഖയായ *ജനതകളുടെ പ്രകാശം* അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളത്



കാനൻനിയമത്തിലും ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട് (cf. *LG* 22, 20, 23; CCEO cc. 42-50). അതിനാൽത്തന്നെ, കത്തോലിക്കാസഭയുടെ ഒരു ഭാഗമെന്ന നിലയിൽ സീറോ-മലബാർ സഭയും നിയമത്തിൽ അനുവദിച്ചിട ത്തോളം സ്വയാധികാരമുള്ള, എന്നാൽ പരമാധികാരിയായ മാർപാപ്പയുടെ ഭരണത്തിൻകീഴിൽ വരുന്ന ഒരു സ്വയാധികാരസഭ മാത്രമാണ്. പരമാധികാരിയായ മാർപാപ്പയാൽ നല്കപ്പെട്ട നിയമത്താൽ ഭരിക്കപ്പെടുന്ന, എല്ലാ സ്വയാധികാര സഭയിലുംപെട്ട ഏതു കാര്യങ്ങളിലും ഇടപെടാനും തീരുമാനമെടുക്കുവാനും മാർപാപ്പയ്ക്ക് എല്ലാവിധ അധികാരാവകാശങ്ങളുമുണ്ട്. പൗരസ്ത്യ കാനോനസംഹിതയിലെ 43-ാം കാനോന ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു: ''തന്റെ പിൻഗാമികൾക്ക് കൈമാറുന്നതിനായി അപ്പസ്തോലന്മാരിൽ പ്രഥമ സ്ഥാനീയനായ പത്രോസിന് പ്രത്യേക വിധത്തിൽ കർത്താവ് നൽകിയ സ്ഥാനം കൈയാളുന്ന റോമിലെ സഭയുടെ മെത്രാൻ, മെത്രാൻസംഘത്തിന്റെ തലവനും ക്രിസ്തുവിന്റെ വികാരിയും സാർവത്രിക സഭയുടെ ഭൗമിക ഇടയനുമാകുന്നു. അതിനാൽ അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനംകൊണ്ടുതന്നെ അദ്ദേഹത്തിന് പരമോന്നതവും പൂർണ്ണവും നേരിട്ടുള്ളതും സാർവത്രികവുമായ ഉദ്യോഗസഹജമായ അധികാരം (ordinary power) സഭയിലുണ്ട്. ഈ അധികാരം അദ്ദേഹത്തിന് എല്ലായ്പ്പോഴും സ്വതന്ത്രമായി വിനിയോഗിക്കാവുന്നതാണ്." 'പരമോന്നത അധികാരം' എന്നതുകൊണ്ട് മാർപാപ്പയുടെ അധികാരത്തിനു പരിയായി സഭയിൽ മറ്റ് അധികാരങ്ങളില്ലെന്നും, 'പൂർണ്ണ'മെന്നതുകൊണ്ട് അധികാര വിനിയോഗത്തിന് പരിധികളില്ലെന്നും, 'സാർവത്രിക'മെന്നതുകൊണ്ട് സഭ മുഴുവനിലുമുള്ളതെന്നും, 'നേരിട്ടുള്ളത്' എന്നതുകൊണ്ട് മധ്യവർത്തിയുടെ സഹായമില്ലാതെ നേരിട്ട് വിനിയോഗി ക്കാവുന്നതെന്നും 'ഉദ്യോഗസഹജ'മെന്നതുകൊണ്ട് ഔദ്യോഗിക സ്ഥാനത്തോട് ചേർന്നതെന്നുമാണ് മനസ്സിലാക്കേണ്ടത് (cf. *പൗരസ്ത്യസഭകളുടെ കാനോന കൾ സഭാജീവിതത്തിൽ*, പേജ് 89-90). മറ്റൊരുവാക്കിൽ പറഞ്ഞാൽ, മെത്രാന് സ്വന്തം രൂപതയിലെ വിശ്വാസി കളുടെമേൽ നേരിട്ട് അധികാരമുള്ളതുപോലെ മാർപാപ്പയ്ക്ക് എല്ലാ കത്തോലിക്ക വിശ്വാസികളുടെമേലും നേരിട്ട് അധികാരമുണ്ട്.

പൗരസ്ത്യകാനോന സംഹിതയിലെ 45-ാം കാനോന തുടർന്ന് ഇങ്ങനെ വ്യക്തമാക്കുന്നു: "തന്റെ ഔദ്യോഗിക പദവിയാൽ റോമാ മാർപാപ്പയ്ക്ക് സാർവത്രിക സഭയുടെമേൽ മാത്രമല്ല അധികാരമുള്ളത്, പ്രത്യുത, എല്ലാ രൂപതകളുടെയും രൂപതാസമൂഹങ്ങളുടെയും മേലുള്ള ഉദ്യോഗസഹജാധികാരത്തിൽ പ്രഥമ സ്ഥാനവുമുണ്ട്..." (CCEO c. 45, §1). അതേ കാനോനയുടെ മൂന്നാമത്തെ ഖണ്ഡിക തുടർന്ന് ഇങ്ങനെ പ്രഖ്യാപിക്കുന്നു: "റോമാ മാർപാപ്പയുടെ വിധിക്കോ കൽപ്പനയ്ക്കോ എതിരായി അപ്പീലോ അപേക്ഷയോ (appeal or recourse) നിലനിൽക്കില്ല." മറ്റൊരു വാക്കിൽ പറഞ്ഞാൽ, കത്തോലിക്കാ സഭയുടെ പരമാധികാരിയായ മാർപാപ്പയുടെ അധികാരം അതിർവരമ്പുകളില്ലാത്തതാണ്. കത്തോലിക്കാസഭയിൽ അംഗങ്ങളായ എല്ലാവരും മാർപാപ്പമാരുടെ ഭരണത്തിൻകീഴിലാണ്. ആ സഭയിലെ അംഗങ്ങളായി തുടരുന്നിടത്തോളംകാലം അദ്ദേഹത്തിന്റെ കൽപ്പനകളും തീരുമാനങ്ങളും അനുസരിക്കുവാൻ കടപ്പെട്ടവരുമാണ്. അതിനാലാണ്, പൗരസ്ത്യകാനൻ നിയമത്തിൽ വ്യക്തിഗതസഭകളെ സ്വതന്ത്രസഭകളെന്ന് വിശേഷിപ്പിക്കാതെ സ്വയംഭരണസഭകളെന്ന് വിശേഷിപ്പി ച്ചിരിക്കുന്നത്. കത്തോലിക്കാസഭയിൽ, എല്ലാ വ്യക്തി സഭകളും, മാർപാപ്പയുടെ ഭരണത്തിൻകീഴിൽ, മാർപാപ്പ വിളംബരം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുള്ള നിയമ സംഹിതയനുസരിച്ച് വ്യത്യസ്തതലങ്ങളിൽ സ്വയം ഭരണാവകാശം അനുഭവിക്കുന്നു എന്നുമാത്രം.

സീറോ-മലബാർ സഭയും സീറോ-മലങ്കര സഭയുമെല്ലാം മാർപാപ്പയുടെ കീഴിൽ, ഇങ്ങനെ, മാർപാപ്പ നൽകിയിട്ടുള്ള പൗരസ്ത്യകാനൻ നിയമമനുസരിച്ച്, നിയന്ത്രിതമായ സ്വയംഭരണാവകാശമുള്ള വ്യക്തി സഭകളാണ്. അതിനാൽത്തന്നെ, സീറോ-മലബാർ സിനഡ്, സീറോ-മലബാർ സഭയിലെ ഏതെങ്കിലും ഒരു വിഷയസംബന്ധിയായി എടുക്കുന്ന ഏത് തീരുമാനവും അംഗീകരിക്കാനോ, മാറ്റം വരുത്തുവാനോ, റദ്ദ് ചെയ്യുവാനോ പോലും മാർപാപ്പയ്ക്ക് അധികാരമുണ്ട്. സിനഡിന്റെ ഒരു തീരുമാനവും, അത് ഏകകണ്ഠമാ ണെങ്കിൽകൂടി, അംഗീകരിക്കുവാനോ അനുസരിക്കു വാനോ മാർപാപ്പയ്ക്ക് കടമയില്ലതാനും. എന്നിരുന്നാലും, കത്തോലിക്കാസഭയുടെ കാനൻ നിയമസംഹിതകൾ വിലമതിക്കുന്നതും അംഗീകരിച്ചിട്ടുള്ളതുമായ ഒരു നിയമതത്വമാണ് principle of subsidiarity. ഈ തത്വമനുസരിച്ച്, താഴത്തെ തലത്തിലുള്ള ഒരു അധികാരിക്ക് ചെയ്യുവാൻ നിയമം അനുവദിക്കുന്ന ഒരു കാര്യത്തിൽ, അനാവശ്യ മായി ഉന്നതാധികാരി ഇടപെടുകയില്ല. പൗരസ്ത്യ കാനോന സംഹിതയുടെ ക്രോഡീകരണത്തിനായു ണ്ടാക്കിയ പൊന്തിഫിക്കൽ സമിതിക്ക് നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഒന്നായിരുന്നു ഈ തത്വം (cf. Sunny Kokkaravalayil, *The Guidelines for the Revision of the Eastern Code: Their Impact on CCEO*, Rome, 2009, pp. 265-298). ഈ തത്വമനുസരിച്ചാണ് ഫ്രാൻസിസ് മാർപാപ്പയുടെ സഭാഭരണവും.

**2. പേപ്പൽ ഡെലിഗേറ്റ് അഥവാ പേപ്പൽ ലെഗേറ്റ്**

കത്തോലിക്കാസഭയുടെ ചരിത്രം പരിശോധിച്ചാൽ, പല

തലത്തിലുള്ള ദൗത്യങ്ങൾ നിർവഹിച്ചിരുന്ന പേപ്പൽ ഡെലിഗേറ്റുമാരെയും പേപ്പൽ ലെഗേറ്റുമാരെയും നമുക്ക് കാണാവുന്നതാണ്. നിഖ്യാസൂനഹദോസ് തുടങ്ങിയുള്ള കത്തോലിക്കാസഭയിലെ ആദ്യത്തെ സാർവത്രിക സൂനഹദോസുകളിലൊന്നിലും മാർപാപ്പമാർ നേരിട്ട് പങ്കെടുത്തിരുന്നില്ല. പ്രത്യുത, പേപ്പൽ ലെഗേറ്റുമാരെ അഥവാ മാർപാപ്പമാരുടെ പ്രതിനിധികളെ അയച്ചിരുന്നതേയുള്ളൂ. പേപ്പൽ ലെഗേറ്റ് അഥവാ പേപ്പൽ ഡെലിഗേറ്റ് മാർപാപ്പയുടെ നാമത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളാണ്. അവർ ഉപയോഗിക്കുന്ന അധികാരം, മാർപാപ്പയുടെ അധികാരം തന്നെയാണ്. പൗരസ്ത്യ കാനോന സംഹിതയിൽ ഇങ്ങനെയുള്ള മാർപാപ്പയുടെ പ്രതിനിധികളെപ്പറ്റി അധികം പരാമർശങ്ങളില്ല എന്നതാണ് വാസ്തവം. എന്നാൽ, പൗരസ്ത്യകാനോന സംഹിതയിലെ 46-ാം കാനോനയുടെ ഒന്നാം ഖണ്ഡികയിൽ പൊന്തിഫിക്കൽ ലെഗേറ്റുമാരെപ്പറ്റിയുള്ള പരാമർശമുണ്ട് (cf. CCEO c. 46, §1). മാർപാപ്പയെ ഭരണത്തിൽ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് സഹായിക്കുന്നവരുടെ ഗണത്തിലാണ് ഇവിടെ പാപ്പാസ്ഥാനപതികളെ പെടുത്തിയിരിക്കുന്നത്. "വത്തിക്കാൻ രാഷ്ട്രത്തെയും രാഷ്ട്രത്തലവനായ മാർപാപ്പയെയും പ്രതിനിധാനം ചെയ്യുന്ന സ്ഥാനപതികളെ (nuncios) വിവിധ രാജ്യങ്ങളിലേക്ക് മാർപാപ്പ നിയമിക്കുന്നു. കൂടാതെ, പ്രത്യേക ദൗത്യവുമായി ചില സഭകളിലേക്കും രാഷ്ട്രങ്ങളിലേക്കും സമിതികളിലേക്കും മാർപാപ്പ പ്രതിനിധികളെ അയക്കാറുണ്ട്. അവരെ 'പേപ്പൽ ഡെലിഗേറ്റ്സ്' എന്ന് വിളിക്കുന്നു" (*പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ*, പേജ് 94).

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭയെപ്പറ്റിയുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ *ജനതകളുടെ പ്രകാശം* പഠിപ്പിക്കുന്നത് രൂപതാമെത്രാന്മാർ ക്രിസ്തുവിന്റെ വികാരിമാരും പ്രതിനിധികളുമായി (vicars and legates of Christ) തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന രൂപതകൾ ഭരിക്കുന്നു എന്നാണ്. എന്നിരുന്നാലും, മെത്രാന്മാരുടെ അധികാരത്തിനുമുകളിലാണ് മാർപാപ്പയുടെ പ്രതിനിധിയുടെ അധികാരം. കാരണം, അവർ ഉപയോഗിക്കുന്നത് സ്വന്തം അധികാരമല്ല; പ്രത്യുത, മാർപാപ്പയുടെ പരമാധികാരം തന്നെയാണ്. പേപ്പൽ ഡെലിഗേറ്റുമാരുടെ അധികാരത്തെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ തന്നെ വിശദമായി ചർച്ച ചെയ്തെടുത്ത തീരുമാനം തന്നെയാണിത് (cf. Fredrik Hansen, "Papal Legates and the Jurisdiction of Diocesan Bishop", *The Jurist* 78 (2022), 477-499; here @477).

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ പേപ്പൽ ഡെലിഗേറ്റുമാരെപ്പറ്റി മൂന്ന് പരാമർശങ്ങൾ മാത്രമാണുള്ളത്. അവ മൂന്നും മെത്രാന്മാരെപ്പറ്റിയുള്ള ഡിക്രിയിലാണ് കാണപ്പെടുന്നത് (cf. CD 9,10, 38,2). എന്നാൽ കൗൺസിൽ പിതാക്കന്മാരുടെ അഭ്യർത്ഥനമാനിച്ച്, കൗൺസിലിനുശേഷം പോൾ ആറാമൻ മാർപാപ്പ വളരെ വിശദമായ ഒരു motu proprio, "Sollicitudo omnium Ecclesiarum" എന്നപേരിൽ 1969 ജൂൺ 24-ാം തീയതി മാർപാപ്പമാരുടെ പ്രതിനിധികളുടെ അധികാരാവകാശങ്ങളെപ്പറ്റി പുറത്തിറക്കുകയുണ്ടായി. അതിനെ അടിസ്ഥാനമാക്കി, ലത്തീൻ സഭയുടെ കാനോനികസംഹിതയിൽ (CIC-1983)



364 മുതൽ 366 വരെയുള്ള കാനോനകളിൽ മാർപാപ്പമാരുടെ പ്രതിനിധികളെപ്പറ്റി പ്രതിപാദിക്കുന്നത് കൂടാതെ 1405-ാം കാനോനയിൽ മാർപാപ്പമാരുടെ പ്രതിനിധികളെ വിധിക്കുവാനുള്ള അവകാശം മാർപാപ്പയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട് (cf. CIC c. 1405, §1, 3º). ഇതേ ആശയംതന്നെ, പൗരസ്ത്യകാനോന സംഹിതയിലെ 1060-ാം കാനോനയിലും വ്യക്തമാണ് (CCEO c. 1060, § 4). ഇതിൽനിന്നെല്ലാം വ്യക്തമാണ് പേപ്പൽ ഡെലിഗേറ്റിന്റെ അധികാരത്തിനു മുകളിൽ സാധാരണഗതിയിൽ മാർപാപ്പ എന്ന വ്യക്തി മാത്രമേയുള്ളൂ എന്നത്.

മാർപാപ്പയുടെ പ്രതിനിധികളുടെ ഗണത്തിൽ വരുന്നവരാണ് ഓരോ രാജ്യത്തിലേക്കും മാർപാപ്പയുടെ പ്രതിനിധിയായി അയക്കപ്പെടുന്ന നൂൺസിയോ (Nuncios) മാർ. അവർ പേപ്പൽ ലെഗേറ്റ്സിന്റെ ഗണത്തിലാണ് വരുന്നതെങ്കിലും അവരുടെ അധികാരം ഉദ്യോഗസഹജം (ordinary power) ആണ്. അതിനാൽത്തന്നെ, അവരുടെ നിയമനം സ്ഥായിയായ സ്വഭാവമുള്ളതുമാണ്. അവർ റോമൻ കൂരിയായിലെ സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ (Secretary of State) നേരിട്ടുള്ള ഭരണത്തിൻകീഴിലുമാണ്. എന്നാൽ, ഒരു പ്രത്യേക സഭയിലേക്ക് ഒരു പ്രത്യേക ദൗത്യനിർവഹണത്തിനായി മാർപാപ്പ തന്റെ പ്രതിനിധിയായി, ഉദ്യോഗസഹജമായ അധികാരത്തിന് പകരം (ordinary power) തന്റെ നിയുക്താധികാരത്തോടുകൂടി (delegated power) അയക്കുന്ന പേപ്പൽ ഡെലിഗേറ്റുകളുണ്ട്. അവരുടെ അധികാരാവകാശങ്ങൾ അവർക്ക് മാർപാപ്പ നേരിട്ട് നൽകുന്നതാണ്. അവ ഉദ്യോഗസഹജമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കേണ്ടതുമില്ല. എന്നാൽ, ഉദ്യോഗസഹജമായ ഒരു പേപ്പൽ ഡെലിഗേറ്റിന്റെ നിയമനപത്രിക പ്രസിദ്ധീകരിക്കേണ്ടതാവശ്യമാണ്. ഭരണാധികാരത്തെ, കാനൻനിയമം ഉദ്യോഗസഹജമായ ഭരണാധികാരം (ordinary power of governance) എന്നും നിയുക്താധികാര ഭരണാധികാരം (delegated power of governance) എന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. അതിൽത്തന്നെ ഉദ്യോഗസഹജമായ ഭരണാധികാരത്തെ വീണ്ടും സ്വകീയ (proper) എന്നും പ്രാതിനിധ്യാത്മക (vicarious) എന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു (CCEO c. 981). ഉദാഹരണത്തിന് ഒരു രൂപതാമെത്രാൻ തന്നെ ഏൽപ്പിച്ചിരിക്കുന്ന രൂപത ഭരിക്കുന്നത് സ്വകീയമായ ഉദ്യോഗസഹജമായ ഭരണാധികാരം (proper, ordinary power)

ഉപയോഗിച്ചാണ്. അതായത്, ആ മെത്രാൻ സ്വന്തം നാമത്തിലാണ് ആ രൂപത ഭരിക്കുന്നതെന്ന് സാരം. എന്നാൽ, അതേ രൂപതയിലെ പ്രോട്ടോ സിൻചെള്ളൂസ് അഥവാ വികാരി ജനറാൾ ആ രൂപതയെ ഭരിക്കുന്നത് പ്രാതിനിധ്യാത്മക ഉദ്യോഗസഹജമായ (vicarious ordinary power of governance) അധികാരത്താലാണ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ, പ്രോട്ടോ സിൻചെള്ളൂസിന്റെ ഭരണം രൂപതാ മെത്രാന്റെ നാമത്തിലാണ്; സ്വന്തം നാമത്തിലല്ല. അതിനാൽത്തന്നെ, രൂപതാമെത്രാന് ഏത് സമയത്തും തന്റെ വികാരിയായി രൂപത ഭരിക്കുന്ന ജനറാളച്ചന്മാരെ രൂപതാഭരണ ദൗത്യ ത്തിൽനിന്നും പിരിച്ചുവിടാവുന്നതുമാണ്.

ഉദ്യോഗസഹജമല്ലാത്ത, നിയുക്താധികാരത്തോടെയുള്ള പേപ്പൽ ഡെലിഗേറ്റായിട്ടാണ് ആർച്ച് ബിഷപ്പ് സിറിൽ വാസിലിനെ സീറോ-മലബാർ സഭയിലെ എറണാകുളം-അങ്കമാലി അതിരൂപതയിലെ നിയമനിരാസപ്രശ്നങ്ങളെ പരിഹരിക്കുവാനായി പരിശുദ്ധ മാർപാപ്പ നിയമിച്ചതായി കാണുന്നത്. അതിനാൽത്തന്നെ, അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ സ്വഭാവവും ആഴവും പരപ്പും അദ്ദേഹത്തെ നിയമിച്ച മാർപാപ്പ തന്നെ കല്പിച്ച് നൽകിയിട്ടുള്ളതാണ്; അല്ലാതെ ഒരു പേപ്പൽ ഡെലിഗേറ്റിനെ അയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സീറോ-മലബാർ സിനഡ് മാർപാപ്പയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളതല്ല എന്ന് വ്യക്തം. പൗരസ്ത്യകാനോന സംഹിതയിലെ 983-ാം കാനോനയനുസരിച്ച് തന്റെ നിയമനത്തിന്റെ തെളിവ് (burden of proof) നൽകുവാനുള്ള ഉത്തരവാദിത്വം നിയുക്താധികാരം ലഭിച്ച പേപ്പൽ ഡെലിഗേറ്റിനുണ്ട്. എന്നാൽ, അതിന്റെയർത്ഥം, എല്ലാവർക്കും ഗോചരമായ രീതിയിൽ തന്റെ നിയമന ഉത്തരവ് പ്രസിദ്ധം ചെയ്യണമെന്നല്ല; പ്രത്യുത, തന്റെ നിയമന ഉത്തരവ് കണ്ട് ബോധ്യപ്പെടുവാൻ നൈയാമികമായ ഉദ്യോഗസഹജമായ അധികാരമുള്ളവരെ ഉത്തരവ് മുഴുവനായോ അതിന്റെ പ്രസക്തഭാഗങ്ങളോ കാണിക്കണമെന്ന് മാത്രമാണ്. മാർപാപ്പ നേരിട്ട് ഏൽപ്പിച്ച ദൗത്യത്തിന്റെ വിശദാംശങ്ങൾ എല്ലാവർക്കുമായി പരസ്യപ്പെടുത്തുവാൻ നിയുക്താധികാരമുള്ള ഒരു പേപ്പൽ ഡെലിഗേറ്റിന് കടമയില്ല എന്നത് സാരം. അങ്ങനെയുള്ള ഒരു പേപ്പൽ ഡെലിഗേറ്റ് തന്റെ അധികാരപരിധിക്ക് മുകളിലുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നു എന്ന് സംശയിക്കുന്നവർക്ക് ആ വിവരം മാർപാപ്പയെ അറിയിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ.

റോമിലെ ഉർബാനിയൻ യൂണിവേഴ്സിറ്റിയുടെ റെക്ടർ സ്ഥാനത്തേക്ക് ഫ്രാൻസിസ് മാർപാപ്പ 2023 സെപ്റ്റംബർ 14-ാം തീയതി പേപ്പൽ ഡെലിഗേറ്റായി പ്രൊഫസർ വിൻചെൻസോ ബോൺഉവോമോയെ നിയമിച്ച കാര്യം വത്തിക്കാന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് പങ്കുവച്ചുകൊണ്ട് സിറിൽ വാസിൽ പിതാവിന്റെ നിയമനം വത്തിക്കാൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തത് ചൂണ്ടിക്കാണിച്ചുകൊണ്ട് വാസിൽ പിതാവിന്റെ അധികാരത്തെ സംബന്ധിച്ച് പുകമറ സൃഷ്ടിക്കുവാനുള്ള ഒരു ശ്രമം വിമതരുടെ ഭാഗത്തു നിന്നുണ്ടായത് ഈ ലേഖകന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. എന്നാൽ, സിറിൽ പിതാവിന്റെ നിയമനം അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മാത്രം കരവേലയാണെന്ന രീതിയിലുള്ള സത്യാനന്തരകാല ഘട്ടത്തിലെ എറണാകുളം വിമതരുടെ അസത്യം കൊണ്ടുള്ള ആറാട്ട്, വാസിൽ പിതാവ് പരിശുദ്ധ മാർപാപ്പയുമായുള്ള കൂടിക്കാഴ്ചയുടെ ചിത്രങ്ങൾ പുറത്തുവന്നതിനുശേഷം വിശ്വാസയോഗ്യമായി ആരുംതന്നെ കരുതുമെന്ന് തോന്നുന്നില്ല. ഉർബാനിയൻ കലാലയത്തിന്റെ റെക്ടറായുള്ള പേപ്പൽ ഡെലിഗേറ്റിന്റെ നിയമനം ഉദ്യോഗസഹജ (ordinary power)മായ അധികാരത്തോട് കൂടിയാണ്. അതിനാലാണ് ആ വിവരം ഒരു ഡിക്രിയായി പ്രസിദ്ധീകരിച്ചിരിക്കുന്നത്. എന്നാൽ, സിറിൽ വാസിൽ പിതാവിന്റെ പേപ്പൽ ഡെലിഗേറ്റായുള്ള നിയമനം നിയുക്താധികാര (delegated power) ത്തോടു കൂടിയായതിനാൽ അത് പ്രസിദ്ധീകരിക്കേണ്ടതില്ല.

സിറിൽ വാസിൽ പിതാവിന്റെ പേപ്പൽ ഡെലിഗേറ്റായുള്ള നിയമനത്തിന്റെ പശ്ചാത്തലത്തിൽ, സീറോ-മലബാർ വിമതർ പരത്തിയ ഒരു വലിയ നുണയാണ് അഭിവന്ദ്യ വാസിൽ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സഹപാഠിയായിരുന്നു എന്നത്. 1965 ൽ സ്ലോവാക്കിയായിൽ ജനിച്ച വാസിൽ പിതാവ് സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബ്രാട്ടിസ്ലാവ (Bratislava) എന്ന സ്ലൊവാക്കിയൻ പട്ടണത്തിലെ പഠനത്തിനുശേഷം 1987 ൽ വൈദികപട്ടമേൽക്കുമ്പോഴേക്കും താഴത്ത് പിതാവ് 1951 ൽ ജനിച്ച് 1977 ൽ വൈദികപട്ടം സ്വീകരിച്ചശേഷം റോമിലെത്തി കാനൻ നിയമത്തിൽ 1983 ൽ ഡോക്ടറേറ്റ് ബിരുദവും നേടി തിരിച്ചെത്തിയശേഷം മൈനർ സെമിനാരിയിൽ പഠിപ്പിക്കുവാനാരംഭിച്ചിരുന്നു എന്നതാണ് വസ്തുത. 1987 ലാണ് വാസിൽ പിതാവ് ഒരു കൊച്ചച്ചനായി തന്റെ 22-ാം വയസ്സിൽ റോമിലെത്തുന്നത്. തുടർന്നുള്ള എട്ട് വർഷത്തിനിടയിൽ ഈശോസഭയിൽ ചേർന്ന് നൊവിഷ്യേറ്റ് പൂർത്തിയാക്കി ആദ്യവ്രതവും ചെയ്തതുകൂടാതെ കാനൻ നിയമത്തിൽ ലൈസെൻഷ്യേറ്റ് ഡിഗ്രിയും ഡോക്ടറേറ്റും നേടി 1995 ൽ ഈ ലേഖകന്റെ ബാച്ചിനെ പഠിപ്പിക്കുവാൻ അദ്ദേഹം തന്റെ മുപ്പതാം വയസ്സിൽ ആരംഭിക്കുമ്പോൾ, ആൻഡ്രൂസ് പിതാവ് തൃശ്ശൂർ അതിരൂപതയുടെ കൂരിയായിലെ ജോലിയിൽ വ്യാപൃതനായി കഴിയുകയായിരുന്നു എന്നുള്ളതാണ് ചരിത്രവസ്തുത. 1978 മുതൽ 1983 വരെയാണ് താഴത്ത് പിതാവ് റോമിൽ ഉപരിപഠനം നടത്തിയത്. ആ സമയത്ത് വാസിൽ പിതാവിന്റെ പ്രായം 13 മുതൽ 18 വയസ്സ് വരെ മാത്രം. അസത്യത്തിന്റെ ആറാട്ടായ ഗീബൽസിയൻ തന്ത്രം എറണാകുളം വിമതർ വീണ്ടും വീണ്ടും യാതൊരുളുപ്പുമില്ലാതെ പ്രയോഗിക്കുമ്പോൾ, ഈ രണ്ട് പിതാക്കന്മാരെയും പറ്റിയുള്ള വിവരങ്ങൾ ഗൂഗിളിന്റെ ഈ കാലഘട്ടത്തിൽ നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമായിരുന്നിട്ടും അത് നോക്കാൻ ശ്രമിക്കാതെ, വിമതപുരാണം കണ്ണുമടച്ച് വിഴുങ്ങുന്നവർ ഏറെയാണ് എന്നത് തികച്ചും ഖേദകരം തന്നെ.

പേപ്പൽ ഡെലിഗേറ്റായ സിറിൽ പിതാവിന്റെ അധികാരം മാർപാപ്പയുടെ പരമാധികാരം തന്നെയാണ്. മാർപാപ്പയുടെ പ്രതിനിധി എന്ന നിലയിൽ ഒരു രാജ്യത്തിന്റെ പ്രതിനിധിയായ അംബാസഡർക്ക് അടുത്ത അഥവാ തൊട്ടുതാഴെയുള്ള നയതന്ത്ര പരിരക്ഷ

(diplomatic protection) ലഭിക്കുവാനുള്ള അർഹതയും അദ്ദേഹത്തിന് തന്റെ ദൗത്യനിർവഹണത്തിന്റെ ഭാഗമായി ഇന്ത്യയിലായിരിക്കുമ്പോൾ ഉണ്ടുതാനും. മാർപാപ്പ വത്തിക്കാൻ എന്ന രാഷ്ട്രത്തിന്റെ തലവനാകയാൽ, മാർപാപ്പയുടെ പ്രതിനിധിക്ക് 1961 ഏപ്രിൽ 18-ാം തീയതിയിലെ വിയന്നാ കൺവെൻഷൻ അനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ ഇന്ത്യാ ഗവൺമെന്റിന് കടമയുമുണ്ട്. ഇതേ കൺവെൻഷന്റെ 29-ാം ആർട്ടിക്കിൾപ്രകാരം മാർപാപ്പയുടെ പ്രതിനിധിയെ അറസ്റ്റുചെയ്യുവാനോ തടങ്കലിൽ വയ്ക്കുവാനോ ഇന്ത്യാഗവൺമെന്റിന് സാധിക്കുകയില്ല താനും (The person of a diplomatic agent shall be inviolable. He shall not be liable to any form of arrest or detention. The receiving State shall treat him with due respect and shall take all appropriate steps to prevent any attack on his person, freedom or dignity). അതുപോലെതന്നെ, അദ്ദേഹം താമസിക്കുന്ന സ്ഥലത്തിന് ഗവൺമെന്റ് സംരക്ഷണം ഉണ്ടായിരിക്കേണ്ടതാണെന്ന് അതേ കൺവെൻഷന്റെ 30-ാം ആർട്ടിക്കിൾ അനുശാസിക്കുന്നു. അതുപോലെ തന്നെ, കോടതി വ്യവഹാരങ്ങളിൽ അദ്ദേഹത്തെ സാക്ഷിയായിപ്പോലും വിളിച്ചുവരുത്തുന്നതിൽ നിന്നും ഈ വിയന്നാ ഉടമ്പടി സംരക്ഷണം നൽകുന്നുമുണ്ട് (cf. Art. 31,2). എന്നാൽ, ഇത്തരത്തിലുള്ള നയതന്ത്രപരിരക്ഷ വാസിൽ പിതാവിന് നൽകുന്നതിൽ കേരള പോലീസ് പൂർണ്ണമായി വിജയിച്ചില്ല എന്നതാണ് വസ്തുത. വാസിൽ പിതാവിന്റെ 2023 ഓഗസ്റ്റ് പതിനാലാം തീയതിയിലെ ബസലിക്കാ സന്ദർശനവേളയിലുണ്ടായ അനിഷ്ട സംഭവങ്ങൾ ഇന്ത്യയിലെ കത്തോലിക്കാസഭയ്ക്ക് മാത്രമല്ല നാണക്കേടുണ്ടാക്കിയത്; പ്രത്യേകിച്ച് നമ്മുടെ സുരക്ഷാക്രമീകരണങ്ങളുടെ പാളിച്ചകൂടി അത് വ്യക്തമാക്കുന്നുണ്ട്. അദ്ദേഹത്തിനുള്ള ബസലിക്കയിലേക്കുള്ള വഴി ബാരിക്കേഡ് വച്ച് തിരിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു സുരക്ഷാസംവിധാനപരാജയത്തിന് നാം സാക്ഷ്യം വഹിക്കേണ്ടിവരികയില്ലായിരുന്നു. കത്തോലിക്കാസഭയുടെ പരമാധികാരിയായ മാർപാപ്പയുടെ പ്രതിനിധി, ദിവ്യകാരുണ്യവും കൈയിലേന്തി കത്തോലിക്കാസഭയുടെ ഒരു അതിരൂപതയുടെ കത്തീഡ്രൽപള്ളിയിൽ പ്രാർത്ഥിക്കുവാൻ എത്തിയപ്പോൾ അദ്ദേഹത്തെ തടയാൻ ശ്രമിക്കുകയും കൂക്കുവിളിക്കുകയും അസഭ്യം പറയുകയും വെള്ളക്കുപ്പികൊണ്ട് ശിരസ്സിനിട്ട് എറിയുകയും ചെയ്തവർ തീർച്ചയായും ഇന്ത്യൻ ശിക്ഷാനിയമവും കാനൻനിയമത്തിലെ ശിക്ഷാനിയമവും അനുസരിച്ച് ശിക്ഷാർഹമായ കുറ്റം തന്നെയാണ് ചെയ്തിരിക്കുന്നത്. തീർച്ചയായും അവരെ കത്തോലിക്കാസഭാംഗങ്ങളായി തുടർന്നും കാണുവാൻ ബുദ്ധിമുട്ടുണ്ട്. അവരെ അതിന് പ്രേരിപ്പിച്ച പൈശാചികശക്തി ഏതായാലും കത്തോലിക്കാസഭയെ നശിപ്പിക്കുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന, അതിനായി ആളും അർത്ഥവും നല്കിക്കൊണ്ടിരിക്കുന്ന, മാസോണിക് സംഘടന (free masons)യോ, മാവോയിസ്റ്റ് ഗ്രൂപ്പുകളോ, വഞ്ചി സ്ക്വയർ സമരത്തിന് തൃശ്ശൂരിൽനിന്ന് ആളുകളെ ഇറക്കി കുമ്പസാരം നിരോധിക്കണമെന്നും സ്ത്രീകൾക്ക് പൗരോഹിത്യം കൊടുക്കണമെന്നും പ്ലാക്കാർഡ് പിടിച്ചവരുടെ പിണിയാളുകളോ, വ്യാജരേഖകൾ ചമച്ചതായി ആരോപിക്കപ്പെടുകയും ഗോൾഡൻ വീസ സ്വന്തമാക്കുകയും ചെയ്ത ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കളോ, അതോ അവരിൽ ചിലരോ, ഇവരെല്ലാവരുംകൂടി ചേർന്നുള്ള സകല പൈശാചിക ശക്തികളുമോ എന്ന് കാലം തെളിയിക്കട്ടെ. മാർപാപ്പയുടെ പ്രതിനിധിയെ ആക്രമിക്കുവാൻ ശ്രമിച്ചശേഷവും ഞങ്ങൾ മാർപാപ്പയുടെ കൂടെയാണെന്ന് പരസ്യപ്രസ്താവന നടത്തിയവരുടെ തൊലിക്കട്ടിക്ക് മുമ്പിൽ കാണ്ടാമൃഗവും തോൽക്കും, തീർച്ച. പക്ഷേ, അവർ മറന്നുപോകുന്ന ഒരു സത്യമുണ്ട്. കത്തോലിക്കാസഭ കർത്താവിനാൽ സ്ഥാപിതമാണ്. അതിനാൽ നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല. ഫ്രാൻസിസ് മാർപാപ്പയും അദ്ദേഹത്തിന്റെ പ്രതിനിധിയായ സിറിൽ വാസിൽ പിതാവും തങ്ങളെ ദൈവ മേല്പിച്ച ദൗത്യം തുടർന്നും നിർവഹിച്ചു കൊണ്ടേയിരിക്കും. കമ്മ്യൂണിസ്റ്റ് കിരാത ഭരണത്തിൻകീഴിൽ ജനിച്ചുവളർന്ന് തന്റെ വിശ്വാസം സംരക്ഷിച്ച് പൗരോഹിത്യത്തെ പുൽകിയ ആ പുരോഹിതസുതന് ഭീഷണികൾ ഒരു പുത്തരിയാവില്ലല്ലോ.

### 3. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയെ മാർപാപ്പയുടെ നാമത്തിൽ പൗരസ്ത്യകാര്യാലയം നിയമിച്ചത് ആ അതിരൂപതയിലെ ഭരണനിർവഹണത്തിനാവശ്യമായ എല്ലാവിധ അധികാരാവകാശങ്ങളും നല്കിക്കൊണ്ട് ഉദ്യോഗസഹജമായ (ordinary) അധികാരത്തോടെയാണ്. ആ അതിരൂപത, പ്രസ്തുത നിയമനത്തോടെ, മാർപാപ്പയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിത്തീർന്നു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആ അതിരൂപതയുടെ ഭരണം നിർവഹിക്കുന്നത് സീറോ-മലബാർ സിനഡിന്റെ കീഴിലോ മേജർ ആർച്ച് ബിഷപ്പിന്റെ നേരിട്ട് കീഴിലോ അല്ല; പ്രത്യുത, പൗരസ്ത്യകാര്യാലയംവഴി മാർപാപ്പയുടെ കീഴിലാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, പ്രസ്തുത നിയമനത്തിലൂടെ, തങ്ങളെ മാർപാപ്പയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലാക്കണമെന്ന എറണാകുളം-അങ്കമാലി അതിരൂപതാവിശ്വാസികളിൽ പലരുടെയും നിരന്തരമായ അപേക്ഷകൾ അംഗീകരിക്കപ്പെടുകയായിരുന്നു. എന്നാൽ, പ്രസ്തുത അതിരൂപതയിലെ നിയമവിരുദ്ധ ബലിയർപ്പണരീതി നിർത്തലാക്കി, നിയമാനുസൃതമായ വിശുദ്ധ കുർബാനയർപ്പണരീതി അതിരൂപതയിലങ്ങോളമിങ്ങോളം നടപ്പിലാക്കുന്ന കാര്യത്തിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും വിജയിക്കാതിരുന്ന പശ്ചാത്തലത്തിലാണ് സീറോ-മലബാർ സിനഡിന്റെ അപേക്ഷ പരിഗണിച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പ്രസ്തുത രൂപതയിലെ പ്രശ്നപരിഹാരത്തിനായി തന്റെ പ്രതിനിധിയായി മാർ സിറിൽ വാസിലിനെ അയയ്ക്കുന്നത്. നിയമനിരാസഫലമായുള്ള പ്രശ്നപരിഹാരത്തിനായി അയയ്ക്കപ്പെട്ട മാർപാപ്പയുടെ പ്രതിനിധി നിയമമനുസരിക്കേണ്ട എന്ന് പ്രഖ്യാപിച്ചുകൊണ്ട് പ്രശ്നപരിഹാരം നടത്തുമെന്ന് ചിന്തിക്കാനാവില്ലല്ലോ. എറണാകുളത്തെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുവാനായി നിയമിക്കപ്പെടുന്ന ഒരു

വിദഗ്ദ്ധ കമ്മിറ്റിക്ക് ഇനിമുതൽ ആരും ട്രാഫിക് നിയമങ്ങൾ അനുസരിക്കേണ്ട; പ്രത്യുത, ഓരോരുത്തരും ഇതുവരെ വാഹനമോടിച്ചിരുന്ന രീതിയിൽ തന്നെ തുടർന്നും ഓടിച്ചുകൊള്ളുവാൻ ഉത്തരവിടാനാവില്ലാത്തതുപോലെ തന്നെ. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ അതിരൂപത ഭരിക്കുമ്പോൾ പേപ്പൽ ഡെലിഗേറ്റിന് ആ രൂപതയിൽ ആർക്കും നേരിട്ട് കൽപ്പന കൊടുക്കുവാൻ അധികാരമില്ല എന്ന വാദം ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, ആ വാദം നൈയാമികമായി നിലനിൽക്കുന്നതല്ല. കാരണം, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ അതിരൂപതയുടെ ഭരണം നിർവഹിക്കുന്നത് ഒരു രൂപതാമെത്രാന്റെ എല്ലാവിധ അധികാരങ്ങളോടും കൂടിയാണെങ്കിൽ, പേപ്പൽ ഡെലിഗേറ്റ് ഉപയോഗിക്കുന്ന അധികാരം മാർപാപ്പയുടെ പരമാധികാരം തന്നെയാണ്. ഒരു പേപ്പൽ ഡെലിഗേറ്റിന്റെ തീരുമാനത്തിനോ ഉത്തരവിനോ എതിരെ പൗരസ്ത്യ കാര്യാലയം തുടങ്ങി യാതൊരു കാര്യാലയത്തിലോ കത്തോലിക്കാസഭയുടെ പരമോന്നതകോടതിയായ സിഞ്ഞത്തൂര അപ്പസ്തോലിക്കയിലോ ആർക്കും അപ്പീലോ പരാതിയോ (appeal or recourse) കൊടുക്കാനാവില്ല. അങ്ങനെയുള്ള തീരുമാനം തിരുത്തുവാനോ റദ്ദ് ചെയ്യുവാനോ മാർപാപ്പയ്ക്ക് മാത്രമേ അധികാരമുള്ളൂ. എന്നാൽ, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കുമെതിരായി പൗരസ്ത്യകാര്യാലയത്തേയും സിഞ്ഞത്തൂര അപ്പസ്തോലിക്കയേയും സമീപിക്കുവാൻ ബന്ധപ്പെട്ടവർക്ക് കഴിയും. അതിനാൽ, ഈ ലേഖനം എഴുതുന്ന 2023 സെപ്റ്റംബർ 17-ാം തീയതി, എറണാകുളം-അങ്കമാലി അതിരൂപതയിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഉദ്യോഗസഹജമായ (ordinary power) അധികാരത്തോടുകൂടിയും പേപ്പൽ ഡെലിഗേറ്റ് സിറിൽ വാസിൽ പിതാവ് നിയുക്താധികാരത്തോടെയും (delegated power) ഭരണം നടത്തുന്നതായും കരുതേണ്ടിയിരിക്കുന്നു. അതിനാൽത്തന്നെ, അവരുടെ രണ്ടുപേരുടെയും ഉത്തരവുകൾ നൈയാമികവും അനുസരിക്കപ്പെടേണ്ടതുമാണ്, ആ അതിരൂപതാംഗങ്ങളെ സംബന്ധിച്ചിടത്തോളം. ഉയർന്ന അധികാരിയുടെ തീരുമാനത്തിനെതിരായി താഴ്ന്ന അധികാരിയുടെ തീരുമാനങ്ങൾക്ക് സാധുതയില്ലാത്തതുപോലെ, പേപ്പൽ ഡെലിഗേറ്റ് മാർ സിറിൽ വാസിലിന്റെ ഉത്തരവിന് വിരുദ്ധമായ ഏതെങ്കിലും ഉത്തരവോ, തീരുമാനമോ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കോ, അതിരൂപതാകൂരിയായ്ക്കോ, സീറോ-മലബാർ സിനഡൽ കമ്മിറ്റിക്കോ, സീറോ- മലബാർ സിനഡിന് തന്നെയോ ഇക്കാര്യത്തിൽ സാധുവായോ, നൈയാമികമായോ കൈക്കൊള്ളുവാനുമാവില്ല എന്നതും നിയമത്തിന്റെ ബാലപാഠങ്ങളെങ്കിലും പഠിച്ചിട്ടുള്ളവർക്ക് വ്യക്തം. എന്നാൽ, ഇതൊന്നും മനസ്സിലാകാത്ത, ഒരു വിരമിച്ച ന്യായാധിപന്റെ ഗദ്ഗദസ്വരം കേട്ടപ്പോൾ, നിയമവാഴ്ചയേയും അതിന്റെ ആവശ്യകതയേയും പറ്റിയുള്ള അദ്ദേഹത്തിന്റെ അവബോധമില്ലായ്മയെ ഓർത്ത് പരിതപിക്കുകയല്ലാതെ ഒന്നും ചെയ്യാനില്ലല്ലോ എന്ന ചിന്തയാണ് മനസ്സിനെ മഥിച്ചത്. സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസിനെതിരായി പത്രസമ്മേളനം നടത്തി വിമതപക്ഷത്ത് നിലയുറപ്പിച്ച നാൽവർ സംഘാംഗത്തിന് വിമത പരിദേവനങ്ങളാണ് കൂടുതൽ അഭികാമ്യമെന്നത് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടില്ല എന്നുമാത്രം. ഏതായാലും അദ്ദേഹം തന്റെ മനസ്സ് തുറന്നത് നന്നായി. അദ്ദേഹത്തിന്റെ ആരാധകരുടെ മനസ്സിലെ പൂജാവിഗ്രഹം പളുങ്കുപാത്രം പോലെ താഴെവീണുടഞ്ഞത് കണ്ടപ്പോൾ അനല്പമായ വ്യസനമുണ്ടായെങ്കിലും തെറ്റായ പൂജാവിഗ്രഹങ്ങളെ പൂജിച്ചതാണ് ആ ദുഃഖത്തിന് കാരണമെന്ന് മനസ്സിലാക്കി അദ്ദേഹത്തിന് കൊടുക്കേണ്ട ഔന്നത്യം മാത്രം കൊടുക്കുന്ന രീതിയിൽ മനസ്സിനെ പാകപ്പെടുത്തുവാൻ അതിടയാക്കിയതും ദൈവകൃപ തന്നെ.

**ഉപസംഹാരം**

സീറോ-മലബാർ വിമതർ സ്വപ്നം കാണുന്ന കിനാലൂർ, മെത്രാന്മാരില്ലാത്ത, പൗരസ്ത്യകാര്യാലയം ഭരിക്കാത്ത, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററോ പേപ്പൽ ഡെലിഗേറ്റോ ഭരിക്കാനില്ലാത്ത, മാർപാപ്പയുടെ നേരെ കീഴിലുള്ള ഒരു പൗരസ്ത്യ സ്വതന്ത്ര സഭയാണെന്ന് തോന്നുന്നു. അവർക്ക് മാർപാപ്പ ചൊല്ലുന്ന അതേ ജനാഭിമുഖകുർബാനയോടാണ് പഥ്യം. അതല്ലാതെ മറ്റൊന്നും അവർക്ക് സ്വീകാര്യമല്ലതാനും. എന്നാൽ, മാർപാപ്പ നേരിട്ട് ഭരിക്കുന്ന ലത്തീൻസഭയിൽ ചേരാൻ അവർക്ക് സമ്മതവുമല്ല. അവർക്ക് പൗരസ്ത്യസഭയായി തുടരണം, എന്നാൽ പൗരസ്ത്യസഭാപാരമ്പര്യങ്ങൾ തുടരുന്നതിനെ പറ്റിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങൾ സ്വീകാര്യമല്ലതാനും. അവർക്ക് റോമൻ മിസ്സൽ അനുസരിച്ചുള്ള ലത്തീൻ സഭയിലെ ജനാഭിമുഖകുർബാന പറ്റില്ല; പ്രത്യുത ആദ്ദായി-മാറി എന്നിവരുടെ പേരിലുള്ള പൗരസ്ത്യ അനാഫൊറ പാശ്ചാത്യരീതിയിൽ ചൊല്ലിയാലേ തൃപ്തി വരികയുള്ളൂ. റോമൻ മിസ്സലനുസരിച്ച് ജനാഭിമുഖ കുർബാന അൾത്താരയിലല്ല ആരംഭിക്കുന്നത്, പ്രത്യുത 'പ്രസിഡൻഷ്യൽ ചെയറി'ൽ (presidential chair) ആണ്. വചനപ്രഘോഷണവും വചനവിചിന്തനവും ആംബോ (Ambo)യിലും, ബലിയർപ്പണത്തിന്റെ കാഴ്ചവെപ്പ് മുതൽ മാത്രം അൾത്താരയിലും, വിശുദ്ധ കുർബാന സ്വീകരണത്തിനു ശേഷമുള്ള സമാപന ശുശ്രൂഷ വീണ്ടും പ്രസിഡൻഷ്യൽ ചെയറിലുമാണ്. എന്നാൽ മാർപാപ്പ ചൊല്ലുന്ന രീതിയിൽ ബലിയർപ്പിക്കണമെന്ന് പറയുന്ന വിമതർക്ക് വിശുദ്ധ കുർബാന ആദ്യാവസാനം അൾത്താരയിൽ തന്നെയാകണമെന്നതും വചനവേദി ഹറാമാണെന്നതും കൗതുകകരം. മാർപാപ്പയുടെ കീഴിൽ ഒരു പൗരസ്ത്യസഭയായി നിൽക്കണമെങ്കിൽ അത് പൗരസ്ത്യകാര്യാലയത്തിന്റെ കീഴിൽ മാത്രമേ സാധ്യമാവൂ എന്നറിയത്തില്ലാത്തവരല്ല ഈ വിമതർ. തങ്ങളുടെ വാശിക്കനുസരിച്ച് മാർപാപ്പ തന്റെ നിയമം ഭേദഗതി ചെയ്യണമെന്ന് ശഠിക്കുന്ന ഇവർ ഏത് വെള്ളരിക്കാപട്ടണത്തിലാണ് ജീവിക്കുന്നതെന്ന് മാത്രം മനസ്സിലാവുന്നില്ല. ബാസ്കറ്റ്ബോൾ കളിക്കുവാനാഗ്രഹിക്കുന്നവർ ബാസ്കറ്റ്ബോൾ കോർട്ടിലാണ് പോകേണ്ടത്; ഫുട്ബോൾ കോർട്ടിൽ ചെന്നിട്ട്, അവിടെ ബാസ്കറ്റ്ബോൾ ബോർഡുകൾ സ്ഥാപിച്ചുതരണമെന്നുള്ള യുക്തിക്ക് നിരക്കാത്ത ആവശ്യങ്ങൾ ഉന്നയിക്കലല്ല.